# ശബരിമല; ഐ&പിആർഡി മീഡിയ സെന്റർ സന്നിധാനം
# 20.01.2026

## തിരുവാഭരണ മടക്കഘോഷയാത്ര ആരംഭിച്ചു

ശബരിമല തീർഥാടനം സമാപിച്ചതിന് പിന്നാലെ തിരുവാഭരണ മടക്കഘോഷയാത്ര പന്ദള സ്രാമ്പിക്കൽ കൊട്ടാരത്തിലേക്ക് തിരിച്ചു. ഗണപതി ഹോമത്തിന് ശേഷം രാവിലെ 6.15 ന് പതിനെട്ടാം പടിയിറങ്ങി പെരിയസ്വാമി മരുതുവന ശിവൻകുട്ടിയുടെ നേതൃത്വത്തിലുള്ള സംഘം യാത്രയായി. വന്ന പാതയിലൂടെയാണ് 30 അംഗ സംഘത്തിന്റെ മടക്കം. ജനുവരി 23 ന് പന്തളം സ്രാമ്പിക്കൽ കൊട്ടാരത്തിലെത്തും. ആദ്യ പെട്ടിയിലാണ് പതിനെട്ടാം പടി കയറി ഭഗവാനെ ചാർത്തുന്ന തിരുവാഭരണം. തിരുമുഖം, പ്രഭ, ചുരിക, വാൾ, പുഷ്ക്കല, പൂർണ രൂപങ്ങൾ, ആന, കടുവ, പുലി രൂപങ്ങൾ, വലംപിരി ശംഖ് തുടങ്ങിയവയുണ്ട്.

രണ്ട് പെട്ടികൾ മാളികപ്പുറത്തേയ്ക്കാണ് കൊണ്ടു പോയത്. പന്തളം രാജപ്രതിനിധി കളഭാഭിഷേകത്തിന് നൽകിയ സ്വർണകുടം ഉൾപ്പെടെ രണ്ടാം പെട്ടിയിലാണ്. ഈ പെട്ടിയും പതിനെട്ടാം പടിയിലൂടെയാണ് താഴെ എത്തിച്ചത്. തലപ്പാറമല, ഉടുമ്പാറമലയുടെ കൊടികൾ, അയ്യപ്പന്റെ തിടമ്പ്, നെറ്റിപ്പട്ടം തുടങ്ങിയവ മൂന്നാം പെട്ടിയിലും. വിളക്കെഴുന്നള്ളിപ്പിന് ഇവയാണ് ഉപയോഗിച്ചത്. കൊല്ലമുഴി– നിലയ്ക്കൽ വഴിയുള്ള മടക്ക യാത്രയിൽ ളാഹ വനം വകുപ്പ് ഓഫീസിന് സമീപമുള്ള സത്രത്തിൽ വിശ്രമിക്കും. ജനുവരി 21 ന് പെരുന്നാട് കക്കാട് കോയിക്കൽ ക്ഷേത്രത്തിലെ അയ്യപ്പ വിഗ്രഹത്തിൽ തിരുവാഭരണം

ചാർത്തി ദർശനമുണ്ട്. ജനുവരി 22 ആറന്മുള കൊട്ടാരത്തിൽ വിശ്രമം. ഇവിടെ പെട്ടി തുറന്ന് കാണിക്കുന്ന തിരുവാഭരണം ദർശിക്കാൻ അവസരമുണ്ട്. തുടർന്ന് പന്തളം സ്രാമ്പിക്കൽ കൊട്ടാരത്തിലേക്ക് യാത്ര തിരിക്കും. ജനുവരി 23 ന് കൊട്ടാരത്തിലെത്തും.

## ശബരിമല നട അടച്ചു

ശബരിമല ക്ഷേത്രത്തിലെ മണ്ഡല മകരവിളക്ക് മഹോത്സവത്തിന് സമാപനം കുറിച്ച് നട അടച്ചു. പന്തളം രാജപ്രതിനിധി പുണര്തംനാള് നാരായണ വര്മയുടെ ദര്ശനത്തിന് ശേഷം രാവിലെ 6:45 നാണ് നട അടച്ചത്. രാവിലെ അഞ്ചിന് നട തുറന്നു. കിഴക്കേ മണ്ഡപത്തില് ഗണപതിഹോമം നടത്തി. തുടർന്ന് തിരുവാഭരണ മടക്കഘോഷയാത്ര പന്തളം സ്രാമ്പിക്കല് കൊട്ടാരത്തിലേക്ക് തിരിച്ചു. പെരിയസ്വാമി മരുതുവന ശിവന്കുട്ടിയുടെ നേതൃത്വത്തില് 30 അംഗ സംഘമാണ് വന്ന പാതയിലൂടെ തിരുവാഭരണ പേടകുമായി മടങ്ങിയത്. ജനുവരി 23 ന് പന്തളം സ്രാമ്പിക്കല് കൊട്ടാരത്തിലെത്തും.
മേല്ശാന്തി ഇ ഡി പ്രസാദ് നമ്പൂതിരി അയ്യപ്പവിഗ്രഹത്തില് വിഭൂതിയഭിഷേകം നടത്തി കഴുത്തില് രുദ്രാക്ഷമാലയും കൈയില് യോഗദണ്ഡും അണിയിച്ചു. ഹരിവരാസനം ചൊല്ലി വിളക്കണച്ച് ശ്രീകോവിലിന് പുറത്തിറങ്ങി നടയടച്ച് താക്കോല്ക്കൂട്ടം രാജപ്രതിനിധിക്ക് നൽകി.
പതിനെട്ടാം പടിയിറങ്ങി ആചാരപരമായ ചടങ്ങ് നടത്തി ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസര് ഒ ജി ബിജുവിന്റെയും മേല്ശാന്തിയുടെയും സാന്നിധ്യത്തില് താക്കോല്ക്കൂട്ടം ശബരിമല അഡ്മിനിസ്ട്രേറ്റിവ് ഓഫീസര് എസ് ശ്രീനിവാസന് രാജപ്രതിനിധി കൈമാറി. മാസപൂജ ചെലവുകള്ക്കുള്ള പണക്കിഴിയും നൽകി. രാജപ്രതിനിധി പന്തളം കൊട്ടാരത്തിലേക്ക് യാത്രയായതോടെ മറ്റൊരു തീര്ഥാടന കാലത്തിന് സമാപനം